പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 762 — 20.03.2013-ലെ മറുപടിക്ക്

## സർക്കാർ മെഡിക്കൽ കോളേജുകളിലെ റഫറൽ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എം. പി. വിൻസന്റ് :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ മെഡിക്കൽ കോളേജുകൾ റഫറൽ സംവിധാനത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2013 ജനുവരി 1 മുതൽ റഫറൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) വിദഗ്ദ്ധ ചികിത്സ ആവശ്യമായ കേസുകൾ മാത്രം മെഡിക്കൽ കോളേജ് ആശുപത്രിതലത്തിൽ കൈകാര്യം ചെയ്ത് അത്തരം രോഗികൾക്ക് മതിയായ ശ്രദ്ധയും മെച്ചപ്പെട്ട ചികിത്സയും ഉറപ്പുവരുത്തുകയെന്നതാണ് ഈ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം. വിദഗ്ദ്ധ ചികിത്സ ആവശ്യമില്ലാത്ത സാധാരണ അസുഖങ്ങൾക്ക് ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രി വരെയുള്ള സംവിധാനം ഉപയോഗപ്പെടുത്തുമ്പോൾ മെഡിക്കൽ കോളേജുകളിലെ തിരക്ക് നിയന്ത്രിക്കുവാനും വിദഗ്ദ്ധ ചികിത്സ ആവശ്യമായവർക്ക് മെച്ചപ്പെട്ട രീതിയിൽ അത് ലഭ്യമാക്കുവാനും കഴിയും. കൂടാതെ ജില്ലാ ആശുപത്രികൾ വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ സേവന സൗകര്യങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുവാൻ ഇതുവഴി സാധിക്കുന്നതാണ്. |
| (സി) ഏതെല്ലാം വിഭാഗങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | (സി) ഇലക്ടീവ് (അടിയന്തിരമല്ലാത്ത) വിഭാഗത്തിൽ ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഗൈനക്കോളജി & പീഡിയാട്രിക്സ് വിഭാഗങ്ങളാണ് റഫറലാക്കിയിട്ടുള്ളത്. |

(P.T.O.)

(ഡി) റഫറൽ ആക്കുന്നതിന് മുന്നോടിയായി പ്രാഥമിക, താലൂക്ക്, ജില്ലാ ആശുപത്രികളിൽ നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുമോ ?

(ഡി) റഫറൽ സംവിധാനം നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി ഡോക്ടർമാർക്ക് വേണ്ട പരിശീലനം നൽകുകയും റഫറൽ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കുകയും അധിക ഡോക്ടർമാരെയും പി.ആർ.ഒ. മാരെയും നിയമിക്കുകയും 24 മണിക്കൂർ ലബോറട്ടറി സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ